നോവലെറ്റ്

മീനു എലിസബത്ത്

# കുഴിയാനകൾ

മൂന്ന്

**അ**മ്മച്ചീടെ മുടി ചീകി കെട്ടല് ഒരു പീഡനം തന്നെയായിരുന്നു എനിക്ക്. വെണ്ണ കടയലും മോരുണ്ടാക്കലും എല്ലാം കഴിഞ്ഞ് അമ്മച്ചി വടക്കെ തിണ്ണയിലേക്ക് കൈയില്



ചീപ്പും എണ്ണക്കുപ്പിയും ആയി വരും. എന്റെ കുനുകുന ചുരുണ്ട് ഒടിഞ്ഞു കിടക്കുന്ന മുടിയേല് ഒരു പിടിത്തം പിടിക്കും. നെഞ്ഞത്തോട്ടു എന്റെ തല ചാരി വെയ്ക്കും. എന്തെല്ലാമോ കായും വേരും പൂവും ഇട്ടു കാച്ചി വെച്ചിരിക്കുന്ന മഞ്ഞനിറമുള്ള ഒരെണ്ണ! കൈനിറയെ കോരി ഒഴിച്ച് ഒരു പുരട്ടാണ് എന്റെ തലയില്. കൈവിരലുകള് തലമുടിയില് ഓടുമ്പോള് ചെട നിറഞ്ഞിരുന്നാല്, പിന്നെ കഴിഞ്ഞു. ഒരു ദാക്ഷണ്യവും ഇല്ലാതെ, വലിയ പല്ലുള്ള തടിച്ചീപ്പ് കൊണ്ട് ചെടയെല്ലാം വലിച്ചു നീക്കും. വേദനിക്കുമ്പോൾ ഞാൻ ആ, ഊ എന്നെല്ലാം ശബ്ദം ഉണ്ടാക്കും. തല അങ്ങോട്ടും ഇങ്ങോട്ടും ഇട്ടു വലിക്കും.

"അടങ്ങിയിരി കൊച്ചെ നീ, അപ്പടി ചെടേം പിടിപ്പിച്ചു നടക്കുവാ." അമ്മച്ചി ദേഷ്യപ്പെടും.

ഞാൻ ഒരു വിധത്തില് ഇരുന്നു കൊടുക്കും. കാരണം ഈ പീഡകള് കഴിഞ്ഞാൽ കിട്ടുന്ന തോട്ടിലെ കുളിയുടെ രസം ഓർത്തു സഹിച്ചിരിക്കും.

എന്റെ മുടി ഒന്നൊതുക്കി വെച്ച് കഴിയുമ്പോഴേക്ക് അമ്മച്ചി അമ്മച്ചീടെ മുടിക്കെട്ട് അഴിക്കും. ഞാൻ എഴുന്നേറ്റു അമ്മച്ചീടെ മുടിയിലൂടെ വിരലുകള് ഓടിക്കും. കഴുത്തിന് പിറകില് അമ്മച്ചിക്ക് ഒരു കറുത്ത കുഞ്ഞുമറുകുണ്ടായിരുന്നു. ഞാൻ ആ മറുകില് തടവി നോക്കും. എന്റെ കുഴിയാനകളുടെ വയറിന്റെ അതേ മാർദ്ദവം. അതേ തടിപ്പ്. ആ മറുക് എനിക്കും അതേപടി ഉണ്ടെന്നു അമ്മച്ചി പറയും. രണ്ടുപേർക്കും നേരില് കാണാൻ വയ്യാത്ത കറുത്ത മറുകുകള്. ഞാൻ കണ്ണ് പറിക്കാതെ അമ്മച്ചിയുടെ ഇടതൂർന്ന കറുത്ത് ചുരുണ്ട മുടി നോക്കി ഇരിക്കും.

"അമ്മച്ചീ, ഞാൻ ചീകാം..." അമ്മച്ചീടെ നീണ്ട മുടിയില് കൂടെ ഞാൻ വലിയ തടിച്ച ചീപ്പ് ഓടിക്കും. ചെടയില്ലാത്ത, എണ്ണ കിനിയുന്ന മുടിയാണ് അമ്മച്ചിക്ക്. ഇടയ്ക്ക് വല്ല വെള്ളിയോ മറ്റോ ഉണ്ടെങ്കില് ആയി. കൈ നിറയെ മഞ്ഞ എണ്ണ അമ്മച്ചി നിറുകയില് വെയ്ക്കും. നന്നായ് തേച്ച് തലയാകെ പിടിപ്പിക്കും. കൈയിലും മുഖത്തും എല്ലാം ബാക്കി വരുന്ന എണ്ണ തൊടയ്ക്കും. അങ്ങനെ ഞങ്ങള് രണ്ടുപേരും ഉച്ചി കുടുമി കെട്ടി കാക്കാത്തിമാരെ പോലെ കുറച്ചുനേരം തിണ്ണയില് കാറ്റും കൊണ്ടിരിക്കും. നല്ല മൂഡിലാണെങ്കില് അമ്മച്ചി വല്ല പള്ളിപ്പാട്ടോ, വെള്ളപ്പാട്ടോ, മൂളും. ഞാൻ അത് കാതോർത്തിരുന്നു കേൾക്കും. നല്ല ശബ്ദം.

"വയ്ക്കം കായിലിന്റെ പാട്ട് ഒന്ന് പാടിക്കേ."

ഞാൻ അമ്മച്ചീടെ പുറകിലൂടെ കഴുത്തില് കൈയിട്ടു ചോദിക്കും.

"നീയങ്ങോട്ടോന്നു പാടിക്കേ."... അമ്മച്ചി ചിരിക്കും.

എന്നിട്ട് ഒരു നാണത്തോടെ വയ്ക്കം കായലിന്റെ പാട്ട് പാടും.

"വയ്ക്കം കായലിൽ ഓളം തള്ളുമ്പോൾ

ഓർക്കും ഞാനെന്റെ മാരനെ!!

മാരനൊ, വീരനോ അവൻ അമ്പിട്ട മണി മാരനൊ?

പള്ളത്ത് പള്ളിക്കൊരു പള്ളത്തിക്കുഞ്ഞിനെ നേർന്നിട്ടും

എന്നിട്ടും കണ്ടില്ല എന്റെ അമ്പിട്ട മണിമാരനെ..."

"അമ്പിട്ട മണിമാരൻ എന്ന് വെച്ചാല് എന്നാ?" ഞാൻ ചോദിക്കും. ഒരു കള്ളച്ചിരിയോടെ അമ്മച്ചി പറയും.

"ഒരു സുന്ദരക്കുട്ടപ്പനാ കൊച്ചെ." എന്നിട്ട് കുലുങ്ങി കുലുങ്ങി ചിരിക്കും.

"വലിയപ്പച്ചനെ പോലെ?" ഞാനും ചിരിക്കും.

"അല്ലെടി, നിന്റെ അപ്പനെപോലെ,"... അമ്മച്ചി വീണ്ടും ചിരിക്കും.

"അപ്പനും ചുന്ദരൻ ആണോ അമ്മച്ചി?"

"പിന്നെ, ആണോന്നൊ? അത് കൊണ്ടല്ലെ..." അമ്മച്ചി പെട്ടെന്ന് നിർത്തും.

ഓരോന്ന് ചിന്തിച്ചു നിശബ്ദയായി ഇരിക്കും. ഞാനും മിണ്ടാതെ ഇരുന്ന് അപ്പന്റെ ഫോട്ടോയില് കണ്ട മുഖം ഓർക്കാൻ ശ്രമിക്കും. അതെ, വലിയപ്പച്ചനെ പോലെ ആണെന്ന് തോന്നുന്നു അപ്പൻ. പക്ഷെ വലിയപ്പച്ചൻ വെയിലെല്ലാം കൊണ്ട് ഇരുണ്ട നിറമാണ്. അപ്പനെ ഫോട്ടോയില് കണ്ടാല് നല്ല വെളുത്തനിറവും.

എനിക്കാണേല് നേരില് അപ്പനെ കണ്ട ഓർമപോലുമില്ല. എല്ലാരും പറയും, അപ്പൻ അമേരിക്കയില് ആണ്, അമ്മ അമേരിക്കയില് ആണ്. അവര് വരുമ്പോള് എന്നെ അങ്ങോട്ട് കൊണ്ട് പോകും. എവിടെയാണോ ഈ അമേരിക്ക? എന്തിനാണോ എന്നെ അങ്ങോട്ട് കൊണ്ട് പോകുന്നത്. ഇതല്ലെ എന്റെ വീട് ? ഞാൻ ആലോചിക്കും. എന്തിനാ ഞാൻ പോകുന്നെ അങ്ങോട്ട്?

അമേരിക്ക എന്ന വാക്ക് എനിക്ക് കോട്ടയം പോലെയും ചിങ്ങവനം പോലെയും കേട്ട് പരിചയം ഉണ്ട്. എനിക്ക് വല്ല പനിയോ ജലദോഷമോ വരുമ്പോള് അപ്പച്ചൻ എന്നെ ചിങ്ങവനത്തുള്ള വൈദ്യനെയാണ് കാണിക്കാൻ കൊണ്ടുപോകുന്നത്. ചില പ്പോള് ചന്ത ഉള്ള ദിവസവും പോകും. കുഞ്ഞുമോൻചേട്ടനും കാണും ഞങ്ങടെ കൂടെ. കോട്ടയത്തിനു പോക്ക് കുറവാണ്. ചില കല്യാണങ്ങൾക്കാണ് ഞാൻ കോട്ടയത്തിനു പോയിട്ടുള്ളത്. ഈരണ്ടു സ്ഥലങ്ങളും പിന്നെ അമേരിക്കയും ആണ് എനിക്കറിയാവുന്ന മൂന്നു സ്ഥലപ്പേരുകള്.

**ജെട്ടി മാത്രം ഇട്ടു രണ്ടു കാലും വെള്ളത്തില് ഇട്ട് വെള്ളം കയറിക്കിടക്കുന്ന പടിയില് ഇരിക്കും. നീന്താൻ പഠിച്ചു വരുന്നതേ ഉള്ളൂ. അത് കൊണ്ട് തനിയെ ഇറങ്ങാൻ പേടിയുണ്ട്. അമ്മച്ചി വരുന്നിടം വരെ ഞാൻ കാലു വെള്ളത്തില് ഇട്ടു ആ ഇരിപ്പിരിക്കും.**

"അപ്പൻ എന്നാ അമ്മച്ചി വരുന്നെ എന്നെ കൊണ്ട് പോകാൻ?" ഞാൻ ഇടയ്ക്കെല്ലാം അമ്മച്ചിയോട് ചോദിക്കുന്ന ഒരു ചോദ്യമാണത്.

"അവര് വരുമെടി കൊച്ചെ, നീ ഇച്ചിരെ ഒന്ന് വലുതാകട്ടെ..." അമ്മച്ചി എന്റെ മുഖത്തേക്ക് നോക്കും.

ഞാൻ കുറെ നേരം ഒന്നും മിണ്ടാതെ ഇരിക്കും. കുറച്ചു കഴിയുമ്പോള് കാണാം എനിക്ക് കരച്ചില് വരുന്നത്. കണ്ണുനീർ ഉരുണ്ടിറങ്ങുന്ന കണ്ണുകള് വിടർത്തി, ഞാൻ അമ്മച്ചിയെ നോക്കും. അമ്മച്ചിയുടെ കണ്ണുകളും നിറയുന്നുണ്ടോ?

"എനിക്കിവിടുന്നു പോവണ്ട അമ്മച്ചീ..." ഞാൻ ഏങ്ങിയേങ്ങി കരയാൻ തുടങ്ങും.

അമ്മച്ചി എന്നെ കെട്ടിപ്പിടിക്കും. "ഇല്ലെടി പൊന്നെ. നീ കരയാതെ. ഞങ്ങടെ കൊച്ചിനെ ഞങ്ങള് വിടുവോ?" അമ്മച്ചി എന്റെ കണ്ണുനീർ തുടയ്ക്കും, ഞാൻ അമ്മച്ചിയുടെയും.

"അതു പിന്നെ, ചിന്നുക്കുട്ടി, ഒത്തിരി ഒത്തിരി വലുതായി, പഠിക്കാൻ സമയം ആകുമ്പോള്, അവിടെവരെ ഒന്ന് പോയി കണ്ടേച്ചിങ്ങു പോര്... എത്ര നാളു കിടക്കുന്നു. ഇപ്പം നമ്മക്ക് പോയി തോട്ടില് മുങ്ങിയേച്ചു വരാം. "

അത് കേൾക്കുമ്പോള് എന്റെ മുഖം തെളിയും. ഒറ്റ ഓട്ടമാണ് കടവത്തേക്ക്. "ചിന്നു നില്ക്ക്" എന്ന് പറഞ്ഞ് അമ്മച്ചിയും.

പോകുന്ന വഴി തന്നെ ഞാൻ പെറ്റിക്കോട്ട് ഊരിക്കളയും. ജെട്ടി മാത്രം ഇട്ടു രണ്ടു കാലും വെള്ളത്തില് ഇട്ട് വെള്ളം കയറിക്കിടക്കുന്ന പടിയില് ഇരിക്കും. നീന്താൻ പഠിച്ചു വരുന്നതേ ഉള്ളൂ. അത് കൊണ്ട് തനിയെ ഇറങ്ങാൻ പേടിയുണ്ട്. അമ്മച്ചി വരുന്നിടം വരെ ഞാൻ കാലു വെള്ളത്തില് ഇട്ടു ആ ഇരിപ്പിരിക്കും. അമ്മച്ചി ചട്ടയും മുണ്ടും മാറി, ഷിമ്മിയും ഒരു ഒറ്റമുണ്ടും മുലക്കച്ച കെട്ടി വെള്ളത്തില് ഇറങ്ങും.

(തുടരും)